**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5578** **13-08-2021 - ൽ മറുപടിയ്ക്ക്**

**മുറിക്കുന്ന വൃക്ഷങ്ങളുടെ വില നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കേണ്ടി വരുമ്പോൾ വനം വകുപ്പ് നിർണ്ണയിക്കുന്ന വില അമിതമാകുന്നത് കാരണം വൃക്ഷങ്ങൾ ലേലത്തിൽ പോകാതെ പദ്ധതികൾക്ക് കാലതാമസം വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | വികസന പ്രവർത്തനങ്ങൾക്കായി മരം മുറിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പ് വില നിശ്ചയിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ഉത്തരവ് പ്രകാരമുള്ള സീനിയറേജ് റേറ്റ് പ്രകാരമാണ്. ഇത്തരത്തിൽ വില നിശ്ചയിച്ച് നൽകി വരുന്ന മരങ്ങൾ ലേലത്തിൽ വിറ്റ് പോകാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ രണ്ട് ലേലം നടത്തിയിട്ടും ലേലം ഉറപ്പിയ്ക്കാനാവാത്ത സാഹചര്യത്തിൽ അടുത്ത ലേലത്തിൽ വില നിർണ്ണയം നടത്തിയതിലും കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിയ്ക്കുന്നതിന് ലേലം നടത്തുന്ന ഓഫീസറുടെ തൊട്ടു മേലധികാരിക്ക് അധികാരമുണ്ട്. |
| (ബി) | പാഴ്മരങ്ങൾക്ക് വിപണി വിലയേക്കാൾ അധികവില നിശ്ചയിക്കുന്നത് വനം വകുപ്പ് പുനഃപരിശോധിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | പാഴ്മരങ്ങൾക്ക് സർക്കാർ നിശ്ചയിച്ചുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് വാല്യുവേഷൻ നൽകുന്നത്. വില നിർണ്ണയം നടത്തിയതിലും രണ്ട് ലേലത്തിൽ വിറ്റ്പോകാത്ത തടി മൂന്നാമത്തെ ലേലത്തിൽ കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിയ്ക്കുന്നതിന് ലേലം നടത്തുന്ന ഓഫീസറുടെ തൊട്ടു മേലധികാരിക്ക് അധികാരമുണ്ട്. ഇപ്രകാരമാണ് വനം വകുപ്പ് ഡിപ്പോകളിൽ ചെയ്തു വരുന്നത്. |
| (സി) | വില നിർണ്ണയിക്കുമ്പോൾ മരം മുറി കൂലി, ആയതിലെ തടസ്സങ്ങൾ നീക്കുന്നതിന് നൽകേണ്ട ഫീസുകൾ എന്നിവ കൂടി ഉൾപ്പെടുത്തി വില നിർണ്ണയം പ്രായോഗികമാക്കുന്നത് പരിഗണിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | സാധാരണയായി വില നിശ്ചയിക്കുന്നതും ലേലം ചെയ്യുന്നതും മരം നിൽക്കുന്ന അവസ്ഥയിലാണ്. വർക്കിംഗ് ചാർജ്ജ് കൂട്ടുമ്പോൾ സീനിയറേജ് നിരക്കിലാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത് ആദ്യം നിശ്ചയിച്ചിതിനേക്കാൾ ഉയർന്ന വിലയാണ്. അങ്ങനെ നിശ്ചയിക്കുന്നതുകൊണ്ട് പ്രത്യേകിച്ച ഗുണമില്ല. വനം വകുപ്പ് നിശ്ചയിക്കുന്ന വില മരം നിൽക്കുന്ന അവസ്ഥയിലാണ്. ആയത് സീനിയറേജ് റേറ്റാണ്. മരം ഡിപ്പാർട്ടുമെന്റലായി മുറിച്ച ലേലം ചെയ്യുകയാണെങ്കിൽ ആയതിന്റെ വർക്കിംഗ് |

| | | | |
|---|---|---|---|
| | | | കോസ്റ്റും ചേർത്തുള്ള സർക്കാർ നിശ്ചയിച്ചിട്ടുള്ള ഷെഡ്യൂൾഡ് റേറ്റ് ആണ് നൽകേണ്ടത്. |

സെക്ഷൻ ഓഫീസർ